Supplementary Grants.

1. 23—Sanitation and Conservancy—Rs. 1,800.

Mr. P. V. Subramania Ayyar.—Sir, I rise to move for the grant of Rs. 1,800 under Sanitation and Conservancy. This is required for anti-malarial operations to be carried on by the Department of Public Health. This Department was lately introduced and this amount is applied for under Sanitation and Conservancy. It will be observed that the grant is already existing and what is required is only a transfer from Medical to Sanitation and Conservancy. I request that the grant may be allowed.

Mr. A. Sankara Poduval.—Is this amount to be utilised for anti-malarial operations in the whole State?

Mr. P. V. Subramania Ayyar.—Anti-malarial operations are now being conducted only in the Chittur Taluk.

Dr. A. G. Menon.—Is the whole sum intended to be spent there?

Mr. A. Eachara Menon.—May I know something about the programme of work about anti-malarial operations?

Mr. P. V. Subramania Ayyar.—My colleague will do it.

Dr. D. Raghavendra Rao.—Year after year there have been complaints about the prevalence of malaria in the Taluk of Chittur and it was pointedly brought to the notice of this House; and the Government requested a specialist from the Madras Government to come and survey the Taluk. He came last year and had an anti-malarial survey and he has chalked out a line of work for the destruction of mosquito larvae as well as prophylactic administration of quinine in rural parts. As regards the administration of quinine the Department has already started itinerating dispensaries as well as free distribution of quinine all round. As regards the prevention of malaria, by direct attack and destruction of the mosquito larvae, we have to start operations just before the malarial season is on, and as it is nearing time, that is by December or January, we shall spray paris green in all places where mosquito larvae exist. A large supply of this chemical was got down last year and is in stock. But the operations require a certain staff and other preliminary expenditure and this amount was budgetted for under the Medical Establishment, when the Medical and Sanitary Departments were under the same head. Now that the Department has been bifurcated and preventive measure is directly to be under the Director of Public Health, I addressed the Government that this part of the work may be taken up by the Director of Public Health and it was accordingly sanctioned by the Government that it should be

LIBRARY ARCHIVES Kerala Legislative Assembly

carried out by him. The next step was to transfer on the allotment to him. I requested the Government to transfer the amount and the Government informed me that it could be done only after informing and getting sanction of this House. It is only a matter of transferring this allotment from my Department to that Department so that he may carry on the work done by the Chief Medical and Sanitary Officer.

Mr. A. Sankara Poduval.—May I know the percentage of malarial cases last year in the Chittur Taluk?

Dr. D. Raghavendra Rao.—The question is not quite clear.

Mr. A. Sankara Poduval.—Were there any cases treated in the Chittur Hospital for malaria last year?

Dr. D. Raghavendra Rao.—Yes.

Mr. A. Sankara Poduval.—How many?

Dr. D. Raghavendra Rao.—I am not able to give the exact figure. There are several hospitals in Chittur Taluk. At present there are itinerating dispensaries at Moongilmada and Kozhipara attended by the Sub-Assistant Surgeon at Kozhinjampara. The Sub-Assistant Surgeon at Nanniode is twice a week visiting Pattancheri and Meenakshipuram. The Assistant Surgeon from Nemmara is going to Kyradi. So also there are two officers in Chittur. Work is practically distributed over the whole of the Chittur Taluk and there are thousands of cases which are attended to at these dispensaries. At the same time there are officers of the Panchayat, Land Revenue and Forest Departments who are given free distribution of quinine so that it may be given to the villagers.

Mr. A. Sankara Poduval.—Is this disease on the increase in the Chittur Taluk?

Dr. D. Raghavendra Rao.—We cannot exactly say because statistics are not convincing, because very many people may escape getting treatment.

Mr. A. Sankara Poduval.—Is there any proposal to do any anti-malarial work in the houses of these victims?

Dr. D. Raghavendra Rao.—Yes.

Dr. A. G. Menon.—May I know whether you have fixed the places for this operation?

Dr. D. Raghavendra Rao.—The specialist has ear-marked certain places round about Chittur. A few of these places are within the Municipality and a few outside the Municipality.

Dr. A. G. Menon.—So, there is no chance of going for rural areas this year?

Dr. D. Raghavendra Rao.—The Director of Public Health has to decide the places.

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Menon.—In the scheme of malarial prevention as you have just now enumerated, this work is done by Medical men—a number of Medical men attached to various hospitals.

Dr. D. Raghavendra Rao.—Just at present.

Dr. A. R. Menon.—This is a request for the transfer of allotment from the Medical to the Sanitary Department. Who would be the officers to do this work? Do you understand the point ?

Dr. D. Raghavendra Rao.—As I said, the prevention of malaria is being tackled in two ways. Prophylactic administration of quinine being one and the prevention of mosquito breeding the other. As regards the administration of quinine it would be done by the Medical Department itself, whereas the preventive aspect of mosquito larvae being destroyed will be attended to by the Sanitary Department, that is, assisted by the Sanitary Inspectors who may be appointed by the Director of Public Health.

Motion No. 1.

As the following motion was not moved it was considered withdrawn.

Mr. E. Ikkana Warriar.—*To reduce the allotment of Rs. 1,800 for Sanitary and Conservancy by Re. 1.*

Motion No. 2.

Mr. K. T. Mathew.—*To reduce the transfer of allotment of Rs. 1,800 from Medical to Sanitation by Re 1*

മിസ്റ്റർ കെ. ടി. മാത്യു.—സാർ, നാലഞ്ചുകൊല്ലം മുമ്പ് കുന്നംകുളത്തു നിന്ന് കുറെ പേർ തിരുപ്പൂരിലേയ്ക്കു ജോലിയായി പോകയും, അവിടെ ചെന്ന് ഒരു പ്രത്യേക രോഗം ബാധിച്ചു തിരിച്ചുവരികയും, തിരിച്ചുവന്ന ഉടനെ അവർ മരിച്ചുപോകയും ചെയ്തു. കുന്നംകുളത്തു നിന്നു തിരുപ്പൂരിലേയ്ക്കു മാത്രമല്ല; തുണ്ടിനാടുള്ളവർ, കോയമ്പത്തൂർ, മദ്രാസ് മുതലായ സ്ഥലങ്ങളിലേയ്ക്ക് പുറപ്പാടു ഉണ്ടാക്കി വിടുന്നതിനും, ചെമ്പുപാത്രം ഉണ്ടാക്കി വിടുന്നതിനും, കൂലിവേല ചെയ്യുന്നതിനും മറ്റുമായിട്ട് അനവധി സാധുക്കൾ പോകുന്നുണ്ട്. എന്നാൽ തിരുപ്പൂരിലേയ്ക്കു പോകുന്നവർ മാത്രം അഞ്ചോ ആറോ മാസം അവിടെ താമസിച്ചു ശേഷം അവരുടെ വയറു വീർത്തു് എന്തോ ഒരു പ്രത്യേക സുഖക്കേടു ബാധിച്ചു തിരിയെ വന്ന് ചെട്ടന്നു മരിച്ചുപോകുകയാണ് ചെയ്യുന്നതു്. ഇതിനെ പറ്റി ഒരു ലേഖനം മൂന്നു നാലു വർഷത്തിനു മുമ്പ് മലയാളമനോരമപത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഞാൻ ആ ലേഖനം കാണുകയും, ഉടൻ തന്നെ അതിനെ വെട്ടിയെടുത്തു് അന്നത്തെ ചീഫ് മെഡിയ്ക്കൽ ആഫീസറായിരുന്ന ഡാക്ടർ വർഗീസിനു് അയച്ചുകൊടുക്കുകയും ചെയ്യുകയുണ്ടായി. അതിനു ശേ

LIBRARY ARCHIVES Kerala Legislative Assembly

ഷം അദ്ദേഹം കുന്നംകുളത്തു പോയി പരിശോധന നടത്തിയതിൽ സുഖക്കേട് എന്താണെന്നറിയുവാൻസാധിച്ചിട്ടില്ലെന്നും, ഇനിയും ഇങ്ങനെ തിരുപ്പൂരിൽ പോയി സുഖക്കേടോടുകൂടി ആളുകൾ തിരിച്ചുവരുമ്പോൾ അറിയിച്ചാൽ അതിനെ പറ്റി അന്വേഷിച്ചു വേണ്ടവിധത്തിൽ ചെയ്യാമെന്നും എന്നോടു വാഗ്ദാനം ചെയ്തിട്ടുണ്ടെന്നു മാത്രമല്ല കത്തുമൂലം എഴുതി അറിയിച്ചിട്ടുമുണ്ട്. അതിനെല്ലാം ശരിയായ രേഖകൾ എന്റെ കയ്യിലുണ്ട്. ഇങ്ങനെ അനേകം പേർ അവിടെ പോയി തിരിച്ചുവന്നിട്ട് ഉടനെ മരിയ്ക്കുന്നതു കണ്ടു് അവിടെയുള്ള ആളുകൾ വല്ലാതെ പരിഭ്രമിച്ചു. അതിനു ശേഷം കുറെ കാലത്തേയ്ക്കു സാധുക്കൾ അധികമായി നാടു വിട്ടു് വേലയ്ക്കായി തിരുപ്പൂരിലേയ്ക്കു പോകാറില്ല. എന്നാൽ നാട്ടിൽ അവരുടെയിടയിൽ ദാരിദ്ര്യം വർദ്ധിച്ചുവന്നപ്പോൾ ജീവൻ പോയാലും തരക്കേടില്ല. ഭക്ഷണത്തിനുള്ള മാർഗ്ഗം അന്വേഷിച്ചേ മതിയാകയുള്ളൂ എന്നു കരുതി വീണ്ടും അവിടെ പോയിതുടങ്ങി. അങ്ങനെ കുറച്ചു നാൾ കഴിഞ്ഞപ്പോൾ മേൽപറഞ്ഞ പ്രകാരം രോഗം ബാധിച്ചു് ഓരോരുത്തരായി തിരിച്ചുവരികയുണ്ടായി. ഉടനെ തന്നെ നാലഞ്ചു പേർ മരിയ്ക്കുകയും ചെയ്തു. സ്ഥലത്തെ ആശുപത്രിയിൽഡാക്ടർ കമ്മത്തു്. അദ്ദേഹം ആണ് ചാർജ്ജ്. നല്ലൊരു സമർത്ഥനംസതുവാനുമാണെന്നു പറയുവാൻ ഞാൻ അശേഷംമടിയ്ക്കുന്നില്ല. അദ്ദേഹവും അവിടെപ്രൈവറ് പ്രാക്ടീസ് ചെയ്യുന്ന ഡാക്ടർചാക്കുണ്ണി M. B. & B. S. -ം രോഗികളെ പരിശോധിക്കയുണ്ടായി. അവർ രോഗികൾ അനുഭവിയ്ക്കുന്ന കഷ്ടതകൾ കണ്ടിട്ട് കാരുണ്യമായി സന്തപിയ്ക്കുകയും കഴിയുന്നതു രോഗികളെ പരിശോധിയ്ക്കുകയും ചികിത്സിക്കുകയും ചെയ്തുവെങ്കിലും അവർ രണ്ടു പേരും രോഗനിവാരണം കണ്ടുപിടിക്കാനുള്ള അവരുടെ ഉദ്യമത്തിൽ തോല്ക്കുകയാണുണ്ടായതു്. കുന്നംകുളത്തിനടുത്തു് ബ്രിട്ടീഷ് മലബാറിൽ ചാവക്കാട്ടു ആശുപത്രി ചാർജ്ജ് ഡാക്ടർ ഇട്ടി M. B. & B. S. എന്ന ഒരാൾ ആണ്. അദ്ദേഹം ഇവരെ വന്നു പരിശോധിയ്ക്കുകയുംവളരെ പ്രയാസപ്പെടുകയും ചെയ്തിട്ടും രോഗത്തിനുള്ള കാരണം അറിയുവാൻ സാധിയ്ക്കാതെ മടങ്ങിപ്പോവുകയാണുണ്ടായതു്. ആ അവസരത്തിൽ വേറെ ഒരു ഡാക്ടരും കുന്നംകുളത്തു വന്നിരുന്നു. അദ്ദേഹവും രോഗികളെ പരിശോധിച്ചു. എന്നാൽ ഇന്ന സുഖക്കേടാണെന്നു് അറിയുവാൻ അദ്ദേഹത്തിനും സാധിച്ചില്ല. ഇങ്ങനെ പല അകാല മരണങ്ങളും അവിടെ കൂടക്കൂടെ ഉണ്ടായിക്കൊണ്ടിരിയ്ക്കുന്നുണ്ടു്. ഈ സംഗതി ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവരുവാനായി നാട്ടുകാരെല്ലാം കൂടി പണം വീതിച്ചെടുത്തു് ഒന്നോ രണ്ടോ രോഗികളെ ഇവിടെയുള്ള ജനറൽ ആശുപത്രിയിലേയ്ക്കയയ്ക്കുകയുണ്ടായി. അവരുടെ പക്കൽ സ്ഥലത്തെ ഡാക്ടർ വിവരത്തിനു് ഒരു കത്തും അ

LIBRARY ARCHIVES Kerala Legislative Assembly

യച്ചിരുന്നവത്രെ. രോഗം എന്താണെന്നുള്ളതു കണ്ടുപിടിച്ചു് വിവരം ഞങ്ങളേയും കൂടി അറിയിക്കണമെന്നും അദ്ദേഹം കത്തിൽ ആവശ്യപ്പെട്ടിരുന്നതായി അറിയുന്നു.

ഡാക്ടർ എ. ജി. മേനോൻ.—അതു എപ്പോൾ ആയിരുന്നു?

മിസ്റ്റർ കെ. ടി. മാത്യു.—അതു് അഞ്ചാറു മാസത്തിനു മുമ്പാണു്. ഈ വിവരമെല്ലാം കാണിച്ചു് ഡാക്ടർ ചാക്കുണ്ണി എനിയ്ക്കും കത്തെഴുതീട്ടുണ്ടായിരുന്നു. ഉടനെ ഞാൻ ചീഫ് മെഡിക്കലാഫീസിക്കു് ഒരു കത്തയച്ചു. എന്നാൽ അദ്ദേഹം എനിയ്ക്കു് ഒരു മറുപടിയും അയച്ചില്ല. രോഗികളെ ജനറലാശുപത്രിയിൽ ചേർത്തുവെങ്കിലും അവിടെയുള്ള ഒരു ഡാക്ടർ രണ്ടു ദിവസം കഴിഞ്ഞു—അദ്ദേഹത്തിന്റെ പേരു പറയുവാൻ വിചാരിയ്ക്കുന്നില്ല—ഈ രോഗികൾക്കു് വലിയ സുഖക്കേടൊന്നുമില്ല; നിങ്ങൾ തിരിച്ചുപൊയ്ക്കൊള്ളുക; എന്നു പറഞ്ഞു് അവരെ തിരിച്ചയച്ചു. ആ രോഗികൾ വീട്ടിൽ ചെന്നു് ൨, ൩ ദിവസം കഴിഞ്ഞപ്പോൾ മരിച്ചുപോകയും ചെയ്തു. ഈ വിഷയത്തിൽ എനിയ്ക്കു് ഒന്നാമതായി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽകൊണ്ടുവരുവാനുള്ളതു് ഈ ജനറൽ ആശുപത്രിയെന്നു പറയുന്നതു് എറണാകുളത്തു മാത്രം താമസിയ്ക്കുന്നവരായ രോഗികളെ കിടത്തി ചികിത്സിയ്ക്കുവാൻ വേണ്ടിയുള്ളതല്ലെന്നും, ഈ കൊച്ചി സംസ്ഥാനത്തു് എവിടെ താമസിയ്ക്കുന്നവർക്കും ഉപയോഗപ്പെടത്തക്കവണ്ണം സ്ഥാപിച്ചിട്ടുള്ള ഒരു സ്ഥാപനമാണെന്നുമാണു്. ഈ എറണാകുളത്തുള്ള രോഗികളെ ആശുപത്രിയിൽ ചേർത്തു നോക്കുന്നതിനേക്കാൾ കുറച്ചുകൂടി പ്രത്യേക ശ്രദ്ധ മറ്റു ദിക്കിൽ നിന്നു വരുന്ന രോഗികളെ ചേർക്കുന്ന കാര്യത്തിൽ ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമായിട്ടുള്ളതാണു്. കൊച്ചി സംസ്ഥാനത്തിൽ മറ്റൊരു ഭാഗത്തുള്ള ഗവൺമെണ്ടു ആശുപത്രിയിലെ ഡാക്ടർ കൊടുത്തയച്ച കത്തോടു കൂടി രോഗികൾ ജനറൽ ആശുപത്രിയിൽ വന്നിട്ടും രോഗമൊന്നും ഇല്ലെന്നുള്ള കാരണം പറഞ്ഞു തിരിച്ചയയ്ക്കുകയാണുണ്ടായതു. രോഗം കുറച്ചെങ്കിലും ഭേദപ്പെടുത്തിയിട്ടാണു് തിരിച്ചയച്ചിരുന്നതെങ്കിൽ കുറച്ചെങ്കിലും കൃതാർത്ഥതയ്ക്കു വകയുണ്ടാകുമായിരുന്നു. ജനറൽ ആശുപത്രിയിലേയ്ക്കു മേൽപറഞ്ഞ പ്രകാരം വന്ന രോഗികൾ തിരിച്ചയച്ച ആ ഡാക്ടരുടെ സ്വന്തം വല്ലവരും ആയിരുന്നെങ്കിൽ അദ്ദേഹത്തിന്റെ വീട്ടിൽ കൊണ്ടുപോയിട്ടെങ്കിലും പരിശോധിച്ചു ചികിത്സിച്ചുനോക്കുമായിരുന്നു.

കുറച്ചു നാൾ കഴിഞ്ഞപ്പോൾ ഈ രോഗം മറ്റു ചിലർക്കു കൂടി ബാധിച്ചു തിരിച്ചുവന്നു. ഇക്കാര്യത്തിൽ ചീഫ് മെഡിക്കലാഫിസിക്ക് എഴുതിയിട്ടും ഫലമൊന്നും ഉണ്ടാകാഞ്ഞതിനാൽ, ഞാൻ ദിവാൻ മിസ്റ്റർ ഹെർബർട്ടിനു് ഒരു കത്തയച്ചു. ഉടനെ തന്നെ അദ്ദേഹം ചീഫ് മെഡിക്കലാഫീസ്സിക്കു് ഒരു കല്പന അയച്ചുവെ

LIBRARY ARCHIVES Kerala Legislative Assembly

ന്നാണ് തോന്നുന്നതു്. രണ്ടു മൂന്നു ദിവസത്തിനകം ചീഫ്മെഡിക്കലാഫീസർ കുന്നംകുളത്തു് ഓടി എത്തിയിരിയ്ക്കുന്നു. അപ്പോൾ ഞാൻ അവിടെ ഉണ്ടായിരുന്നില്ല. അവിടെ വന്നു് അദ്ദേഹം രോഗികളെ കാണണമെന്നാവശ്യപ്പെട്ടു. അവർക്കു് അനങ്ങുവാൻ പോലും നിവൃത്തിയില്ലാതെ കിടക്കുകയാണു്; വരാൻ സാധിയ്ക്കുമെന്നു തോന്നുന്നില്ല; എന്നു് അവിടെ ചിലർ അദ്ദേഹത്തോടു പറഞ്ഞു. അപ്പോൾ അദ്ദേഹം രോഗി കിടക്കുന്ന സ്ഥലത്തു ചെന്നു് അവരെ കണ്ടു. അദ്ദേഹം രോഗികളെ കണ്ട സമയം അവർ അതിവേദനയോടുകൂടി നിലവിളിക്കയായിരുന്നു. ഇതിനുമുമ്പു് ഒരവസരത്തിലും ഇങ്ങനെയുള്ള അതിവ്യസനകരമായ ഒരു കാഴ്ച താൻ കണ്ടിട്ടില്ല എന്നു് ചീഫ് മെഡിക്കൽ ആഫീസർ ഒന്നുരണ്ടു ദിവസംമുമ്പു് എന്നോടുപറയുകയുണ്ടായി. ഡാക്ടർ ചെന്നു കണ്ടു; അദ്ദേഹം തിരിച്ചുപോന്നു. ഉടനെതന്നെ രോഗിയും മരിച്ചു. "ഡാക്ടരെ കണ്ടു, രോഗിയും മരിച്ചു" എന്നു പറയുന്നതുപോലെ (ചിരി) യാണു് ഫലം കണ്ടതു്.

ഏതായാലും മുൻകൂട്ടി ചീഫ് മെഡിക്കലാഫീസർക്കു് ഒരു കത്തോടുകൂടി രോഗിയെ ജനറലാശുപത്രിയിലയച്ചിട്ടുംകൂടി അദ്ദേഹം ആ രോഗിയെ പ്രത്യേകം പരിശോധിയ്ക്കുയുണ്ടായോ എന്നതെന്നു സംശയമാണു്. അതു് എങ്ങിനെയാണെന്നുള്ളതു് അദ്ദേഹം പറയാൻപോകുന്ന മറുപടിയിൽനിന്നും മനസ്സിലാകും. പൊതുജനങ്ങൾ പണം പിരിച്ചെടുത്തു്, അകലെയുള്ള സ്ഥലത്തുനിന്നു് രോഗികളെ ജനറൽ ആശുപത്രിയിലേക്കു അയക്കുമ്പോൾ ആ രോഗികളെ ശരിയായി ചികിത്സിച്ചു രക്ഷിക്കാതെ ഓരോ കപടസൂത്രവും പറഞ്ഞു തിരിച്ചയക്കുന്നതു് നിരുത്തൽ ചെയ്യുന്നതു് ഗവമ്മെണ്ടിന്റെ മുമതലയാണു്. ചീഫ് മെഡിക്കൽ ആഫീസർ ഈ കാര്യത്തിൽ വേണ്ടതു പ്രവൃത്തിക്കുന്നില്ലെങ്കിൽ, അദ്ദേഹത്തെകൊണ്ടു പ്രവൃത്തിപ്പിക്കുന്നതിനുള്ള കടമയും ഗവമ്മെണ്ടിനുണ്ടു്. ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതിന്റെ പ്രധാന ഉദ്ദേശം ഡാക്ടർമാരേയോ, ചീഫ്മെഡിയ്ക്കലാഫീസരേയോ കുറ്റം പറയുവാനല്ല. മേലാൽ ഗവമ്മെണ്ടു് ഇതുവക കാര്യങ്ങളിൽ എന്തുചെയ്യണമെന്നു് ധരിപ്പിയ്ക്കുവാനാണു് ഞാൻ ഈ കട്ടു് മോഷൻകൊണ്ടു് പ്രധാനമായി ഉദ്ദേശിയ്ക്കുന്നതു്.

ഈ കാര്യത്തെസംബന്ധിച്ചു് ഒരു പ്രത്യേക സംഗതികൂടി പറയുവാനുണ്ടു്. സാധുക്കളായുള്ള അനവധി രോഗികൾ നാട്ടിൽ പലസ്ഥലത്തുമുണ്ടു്. ഇങ്ങനെയുള്ളവരിൽ ആരുടെയെങ്കിലും രോഗം ഇന്നതാണെന്നു് അവിടെയോ അതിനടുത്ത സ്ഥലത്തോ ഉള്ള ഡാക്ടർമാർക്കു കണ്ടുപിടിക്കുവാൻ സാധിക്കാതെവന്നാൽ ആ രോഗിയുടെ പ്രത്യേകരോഗം ഇന്നതാണെന്നു കണ്ടുപിടിച്ചു ചികിത്സിക്കാനായി, ആ രോഗിയെ ജനറൽ ആശുപത്രി

LIBRARY ARCHIVES Kerala Legislative Assembly

യിലേക്ക് അയക്കുന്നതിന് വേണ്ട ചിലവു ഗവമ്മെണ്ടിൽനിന്നു കൊടുക്കുവാൻ ഉത്തരവുണ്ടാകേണ്ടതാണ്. അകലെയുള്ള സ്ഥലങ്ങളിൽനിന്നും പ്രത്യേകതരമായ രോഗംപിടിപെട്ടു വരുന്ന രോഗികളുടെ സൌകര്യത്തിനുവേണ്ടി, അടുത്തുള്ള രോഗികളെ വീട്ടിലേയ്ക്കു പറഞ്ഞയച്ചിട്ടെങ്കിലും മറവക്കു സൌകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. ജനറൽ ആശുപത്രിയിൽവരുന്ന രോഗികളിൽ പണക്കാരുണ്ടെങ്കിൽ അവരെ ആശുപത്രിയിൽകിടത്തി ചികിത്സിച്ചു സുഖമാക്കുന്നതിൽ ചില ഡാക്ടർമാർ പ്രത്യേകം ശ്രദ്ധയെടുക്കുന്നുണ്ടോ എന്നും അവർ അധികനാൾ അവിടെ കിടക്കുന്നതുമൂലം സാധുക്കളായ രോഗികളെ വേഗത്തിൽ പറഞ്ഞയക്കുന്നുണ്ടോ എന്നും അന്വേഷിക്കേണ്ടതാണ്. പണമുള്ളവർക്ക് ജനറൽ ആശുപത്രിയിൽ കിടക്കാതെതന്നെ ഏതു ഡാക്ടരെകൊണ്ടും ചികിത്സിപ്പിക്കുന്നതിന് സാധിക്കുന്നതാണെല്ലൊ. ശ്രുപായുടെ ക്ലിങ്ങ്, ക്ലിങ്ങ് എന്ന ശബ്ദം കേൾക്കുന്നതിനനുസരിച്ച് ഡാക്ടർമാർ എവിടെയെങ്കിലുംപോയി ചികിത്സിക്കുമല്ലൊ. അവരുടെ ചെവിയിൽ ആ ശബ്ദംകേട്ടാൽ എത്ര ദൂരമെങ്കിലും ഓടുവാനും, ചാടുവാനും എന്തിനും അവർ തയ്യാറാകുന്നു. പണമുള്ളവർ എവിടെ രോഗം പിടിപെട്ടു കിടന്നാലും ഡാക്ടർമാരെകിട്ടും. അവർ ജനറൽആശുപത്രിയിൽതന്നെ കിടക്കണമെന്നില്ല. ഗവമ്മെണ്ടു ആശുപത്രിയിൽ സാധുക്കളെയാണ് പ്രത്യേകമായി ചേർക്കേണ്ടതു്. പണക്കാരെ ആശുപത്രിയിൽ ധാരാളമായിചേർക്കുന്നതുമൂലം, സാധുക്കളായ രോഗികളാരെങ്കിലും ആശുപത്രിയിൽവന്നാൽ അവർക്കവിടെ സ്ഥലമില്ലെന്നും പറയുന്നു. (ഹിയർ, ഹിയർ)

പ്രത്യേക രോഗബാധിതരായ സാധുക്കളായുള്ളരോഗികളെ സ്ഥലത്തെ ഡാക്ടർമാർ ജനറലാശുപത്രിയിലേയ്ക്കയയ്ക്കുന്നതിനു പ്രത്യേക കാരണമുണ്ടു്. രോഗത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനാണ് അവർ അയക്കുന്നതു്. പ്രത്യേക സുഖക്കേടു നിമിത്തം ചിലരോഗികളും മരിച്ചുപോകുമ്പോൾ അവിടെയുള്ള ആളുകളെല്ലാം പേടിച്ചുപോകും. അവർക്കു പുറത്തുപോയി വേല ചെയ്തു നിത്യഭക്ഷണത്തിനു് ആവശ്യമായതു സമ്പാദിക്കാൻ നിവൃത്തിയില്ലാതെവരും. ദാരിദ്ര്യംനിമിത്തം അവർ വീട്ടിൽകിടന്നു് ഇഹലോകവാസം വെടിയുകയും ചെയ്യും.

President.—Your time is over.

Mr. K. T. Mathew.—One minute more, Sir.

ഇത്തരത്തിൽ ഒരു പുതിയരോഗം പിടിപെട്ട രോഗികളെ ജനറലാശുപത്രിയിൽ കൊണ്ടുവന്നാൽ അവരെ അവിടെചേർത്തു ചികിത്സിച്ചു് രോഗകാരണമെന്താണെന്നു കണ്ടുപിടിയ്ക്കുവാൻ ശ്രമിയ്ക്കുകയും, അതിനു സാധിയ്ക്കയില്ലെന്നുകണ്ടാൽ അവരെ ഗവമ്മെണ്ടിൽനിന്നുംതന്നെ പണംചിലവിട്ടു് മദ്രാസിൽ കൊണ്ടുപോ

LIBRARY ARCHIVES Kerala Legislative Assembly

യി ചികിത്സിച്ചുനോക്കി രോഗത്തിന്റെ കാരണമെന്താണെന്നറിയുകയും വേണം. അതിനുശേഷം ആ രോഗം പിടിപെടാതിരിയ്ക്കുന്നതിനുള്ള നിവാരണമാർഗ്ഗങ്ങൾ നാട്ടുകാരെ പറഞ്ഞു മനസ്സിലാക്കുകയുംചെയ്യാൽ മേലാൽ ഈമാതിരി രോഗം ഉണ്ടാകുന്നതല്ല. അതിനാൽ ഈവിധമെല്ലാം ചെയ്ത് രോഗത്തെ ഇല്ലാതാക്കുന്ന വിഷയത്തിൽ പ്രത്യേകിച്ചും ശ്രദ്ധചെലുത്തേണ്ടതു് ഗവ മെണ്ടിന്റേയും ചീഫ് മെഡിയ്ക്കലാഫീസരുടേയും പ്രധാന കടമയാകുന്നു.

Dr. D. Raghavendra Rao.—I don't think I would be able to command the rhetoric of the Hon'ble Member for Kunnamkulam. But I shall just state the facts as I know about the incident that he has brought before this House. The first time that I came to know of such cases having occurred in Kunnamkulam was from a letter addressed to me by the Hon'ble Member for Kunnamkulam asking me to see to those cases and also see that they are forwarded on to Madras for research. I had examined this patient that was sent from Kunnamkulam without knowing that the patient was sent from Kunnamkulam at the expense of the members or subscribed by them, as brought forward by the Member. On examination of the patient it was seen that it was an advanced case of cirrhosis of the liver for which we can do nothing. Evidently these men left Kunnamkulam to do this copper smiths' work at Tiruppur. Tiruppur is not at all an unhealthy place, it is a sanatorium having a salubrious climate, it has got a large population and such a thing is very rare and the disease has not been brought forward before the medical world by the medical men of Tiruppur as a peculiar disease there. Evidently these men having got some spare money—the very fact that they left Kunnamkulam was that they were getting a little more in the shape of wages at Tiruppur—and having a few coines to spare might have gone to the next toddy shop and had plenty of patta arrack and evidently got this chronic disease of liver and come to the general hospital at an advanced stage when we could not do anything for them. As regards the charge of the gentleman that rich patients are being admitted into the hospital, I challenge any member to go into the General Hospital and see how many rich patients are there. As regards the attack against the medical officers receiving money from patients in hospital, I again put up a challenge to show one patient having paid the doctor. Get a statement from anybody that such a thing took place. I have been taking very particular care to see that such a practice is stopped now. I can only say that for the present there is no such practice. Subsequent to that, instances of a similar type were brought to my notice by

LIBRARY ARCHIVES Kerala Legislative Assembly

the doctor at Kunnamkulam. I went there and wanted to see these patients. I thought I could see them in the hospital. The patients were not in this hospital. Two of them were coming as out-patients. They were scattered over the town.

So I wanted to see all these patients. I did not say that they should come over to me. I went over to the house of one of these patients. When I saw him he was actually dying. I confess I have not got the magic charm of bringing the dead to life. I do not think however altruistic. It is possible for the Government to look after all these patients and to send them over to Madras. People of Madras will say, 'send us to London or Vienna'. It is impossible, impracticable politics. What is practicable is being done and it is really very hard for us, the Medical profession, to hear that we are unsympathetic towards the poor. That is all that I can say.

Dr. A. R. Menon.—From the explanation I heard from the other side the charge becomes less serious than it would have been otherwise. What he said was that it was a case of ferocity of liver, that is, an undue partiality towards alcoholic beverages constitutes the main cause of the disease. But even though a patient is suffering from such a serious complaint, a hopeless complaint and is dying, the question arises, whether it is justifiable on the part of the Government or the hospital authorities to discharge a person of that type from the institution on the ground that they could not do anything further. Humanity demands that at least towards the close of their lives their lives must be rendered as little miserable as is possible and that could be very well done within an institution which is well equipped and well managed, than outside. I regretfully note —I don't know anything about these cases—I have raised my voice more than once in this Council that in many cases the authorities have declined admission on the ground that they were incurable and also in cases that were taken, when they were dying, they were sent out of the hospital, simply because that unfortunate statistics, which show the number of patients admitted, the number of patients cured and dead, always creates a kind of terror in the minds of the medical authorities as a red rag to a bull. So they want to reduce the number of deaths. People die, we cannot help ; nobody can help. If people are to be born, they must die. There is no doubt about that. But between life and death there is a stage and that is the very stage when the Government or the representatives of the hospitals must devote full attention or sympathise upon. It may be a semicarcass, but give it a painless death. We are not

LIBRARY ARCHIVES Kerala Legislative Assembly

empowered to kill people. We have come to the con clusion that medical men may take advantage of it.

And the second point is, with due deference to you, Sir, I still hold that there is a difference between the rich and the poor in the hospital. I have noted a case and I offered to the Government to give respectable witnesses to give statements that a man did not pass water for three days and the doctor refused to do anything unless Rs. 15 be paid. The man had only Rs. 8 in his loin-cloth. He had to come out and borrow Rs. 7 and make it Rs. 15; not now, some time ago, I won't mention the date or the person; money was given and the urine drawn. There are many instances like this. Damn the whole institution. One instance is sufficient to me, I mean, the medical men. I feel this all the keener, that an honourable profession, its tradition should be drawn to the dirt and mire by the indifferent administration of the Medical Department. I don't say anything about the Chief Medical Officer. But I still hold that there is this difference. It is not without any purpose that I raised my voice of protest, but unfortunately, the Council did not listen. The Hon'ble Members themselves are to be blamed. I protested against an institution of paying wards in the hospital. These are two questions: The point has been raised that the people were not properly treated and we are told that there is a difference shown between the rich and the poor.

President.—This is not a suitable occasion.

Dr. A. R. Menon.—This is very suitable. There cannot be a more important question to be discussed in this Council on behalf of the poor, especially the suffering poor. I am taking full advantage. The point has been raised by the Hon'ble Member.

President.—Try to stop it as far as possible.

Dr. A. R. Menon.—I am not very fanciful to hear my own voice. But occasion demands some speech-making. This Council is only for speech and I am doing it. When it is a question of action, I am also doing acts.

I raised my voice of protest that the paying wards should not be put up. What is the use? Is there any institution in England—he knows it, I know it—a single general hospital where paying wards are allowed? Not a single one because the medical men's attention will be drawn to the paying patients and will show an invidious distinction between the paid and the unpaid. All this talk fell on deaf ears. No use was served by this Council, as though it were then living in an unnatural state of affairs. But conditions have changed. Any criticism of this Government begins to have some effect upon them. I don't know how things are now moving. If it is possible to get rid of all the rich people from

LIBRARY ARCHIVES Kerala Legislative Assembly

the hospitals, please do so. Let us not hear in this Council, that the poor people are not treated properly. If the Department can satisfy us that poor people are properly treated I don't think there will be any attack in this House worth the name. The Department must be very careful to issue orders that poor patients wherever possible must be preferred in the matter of giving beds.

മിസ്റ്റർ കെ. ടി. മാത്യു.—ഞാൻ ഈ ഉപക്ഷേപത്തെപറ്റി സംസാരിക്കുവാൻ ആരംഭിച്ചപ്പോൾതന്നെ ഗവൺമെണ്ടുദ്യോഗസ്ഥന്മാരെ അധിക്ഷേപിയ്ക്കുവാനല്ല ഈ ഉപക്ഷേപം കൊണ്ടുവന്നിരിയ്ക്കുന്നതെന്ന് പ്രത്യേകം പറയുകയുണ്ടായി. ഇതിനെപ്പറ്റി സംസാരിയ്ക്കുമ്പോൾ ഗവൺമെണ്ടുദ്യോഗസ്ഥന്മാരെ (ഡാക്ടർമാരെ) ആക്ഷേപിയ്ക്കുവാൻ ധാരാളം കാര്യമുണ്ട്. എന്നാൽ അതല്ല എന്റെ ഉപക്ഷേപത്തിന്റെ ഉദ്ദേശമെന്ന് വീണ്ടും പറഞ്ഞുകൊള്ളട്ടെ.

ഞാൻ പണത്തിന്റെ സംഗതിയെകുറിച്ചു പറഞ്ഞതിന് ചീഫ് മെഡിക്കലാഫീസർ ഒരു മറുപടി പറയുകയുണ്ടായി. ഞാൻ സംസാരിച്ചത് തെറ്റിദ്ധരിച്ചിട്ടാണ് അദ്ദേഹം മറുപടി പറഞ്ഞതു്. എതായാലും അദ്ദേഹം സംസാരിച്ചതിനു മറുപടി പറയാൻ ഞാൻ തയ്യാറാണ്. പണം കൊടുക്കുന്നവരുടെ കാര്യത്തിൽ അദ്ദേഹവും അദ്ദേഹത്തിന്റെ കീഴിലുള്ള ഡാക്ടർമാരും അത്ര ശ്രദ്ധ യ്ക്കുകയില്ലെന്ന് അദ്ദേഹം പറഞ്ഞു. അതു് വാസ്തവംതന്നെയോ എന്ന് അദ്ദേഹംതന്നെ കൈതന്റെ നെഞ്ചത്തുവച്ചുകൊണ്ട് തന്നെസംബന്ധിച്ചിടത്തോളം ചോദിയ്ക്കട്ടെ! അദ്ദേഹത്തിന്റെ മനസ്സാക്ഷിതന്നെ അദ്ദേഹത്തിന്റെ സാക്ഷിയായിരിക്കട്ടെ!! ഈ ശരനും അദ്ദേഹത്തിനും തമ്മിൽ മറൊരു സാക്ഷിയേ ആവശ്യമില്ല അദ്ദേഹം പറഞ്ഞത അദ്ദേഹത്തെ സംബന്ധിച്ചിടത്തോളംതന്നെ സത്യമായിരിപ്പാൻ സർവ്വജ്ഞാനിയായ ജഗദീശ്വരൻ പ്രസാദിക്കട്ടെ! അദ്ദേഹത്തിന്റെ കീഴിൽ ജോലിചെയ്യുന്ന എല്ലാ ഡാക്ടറന്മാരോടും പറയാനുള്ളത് അവർതന്നെ അവരുടെ പ്രവൃത്തികൾക്കു സാക്ഷികളായിരിയ്ക്കണമെന്നുള്ളതാണ്.

പിന്നീടു് ഈ രോഗികളെ ഗവൺമെണ്ടു ചിലവിന്മേൽ മദ്രാസിലേയ്ക്കയച്ചു ചികിത്സിക്കുവാൻ സാധിക്കുകയില്ലെന്നു് ചീഫ് മെഡിക്കൽ ആഫസർ പറയുകയുണ്ടായി. ഞാൻ എല്ലാ രോഗികളേയും മദ്രാസിലേയ്ക്കയയ്ക്കണമെന്ന് ഇവിടെ ആവശ്യപ്പെട്ടില്ല. കൊച്ചിയിലുള്ള ഡാക്ടർമാരെല്ലാം പരിശോധിച്ചിട്ടും രോഗികളുടെ സുഖക്കേടു് ഇന്നതാണെന്നറിയുവാൻ സാധിക്കാതെവരുന്ന രോഗികളെ മാത്രം മദ്രാസിലേക്കയയ്ക്കുന്നതു് നന്നായിരിക്കും. ഗവൺമെൻറിൽനിന്നു് ഇങ്ങനെയുള്ള കേസുകളിൽകൂടി പണം മു-

LIBRARY ARCHIVES Kerala Legislative Assembly

ലവാക്കുവാൻ ചീഫ് മെഡിക്കൽ ആഫീസർക്ക് എന്തെങ്കിലും വിരോധമുണ്ടോ എന്നാണ് ഞാൻ ചോദിയ്ക്കുന്നത്. സർവ്വജ്ഞാനി താനാണെന്നു നടിക്കാതെയും തന്നെപോലെ അതിസമർത്ഥനായ ഒരു ഡാക്ടർ യാതൊരു സ്ഥലത്തും ഇല്ലെന്നു പെട്ടെന്നു തീർച്ചപ്പെടുത്തിയും വൈദ്യവിഷയത്തിലധികം ഇനിയും പലതും കണ്ടുപിടിക്കാനുണ്ടെന്നും, തനിയ്ക്കു നിശ്ചയമില്ലാത്തത് അറിയാവുന്ന ഡാക്ടർമാർ മദിരാശിയിലോ മറ്റു വലിയ പട്ടണങ്ങളിലോ ഉണ്ടായിരിക്കാമെന്നുമുള്ള അഹംഭാവം വിട്ട് അല്പം വിനയത്തോടുകൂടി, ആലോചിപ്പാൻഞാൻ നമ്മുടെ ചീഫ് മെഡിക്കൽ ആഫീസരോട് അപേക്ഷിച്ചുകൊള്ളുന്നു.

അദ്ദേഹം കുന്നംകുളത്തു വന്നപ്പോൾ രോഗികളെ കണ്ടുവെന്നും, രോഗത്തിന്റെ കാരണം ഇന്നതാണെന്നു മനസ്സിലാക്കുവാൻ അദ്ദേഹത്തിനു സാധിച്ചുവെന്നും പറയുകയുണ്ടായി. അദ്ദേഹം രോഗിയെ കണ്ട് എന്തോ ഒരു മരുന്നു കൊടുത്തിട്ടോ കൊടുക്കാതേയോ പുറത്തിറങ്ങിയപ്പോൾ തന്നെ ആ രോഗി മരിച്ചുപോകയാണുണ്ടായതെന്ന്. ഞാൻ പ്രസ്താവിച്ചുവല്ലൊ. ഇത്രയും വിദഗ്ദ്ധനായ ഒരു ഡാക്ടർ നമ്മുടെ കൊച്ചിരാജ്യത്തു തന്നെ ഉള്ളതിനാൽ ഞാൻ കൊച്ചീരാജ്യക്കാരെ അത്യധികം അഭിനന്ദിയ്ക്കുന്നു. അദ്ദേഹത്തിന്റെ വിദഗ്ദ്ധത എത്രമാത്രമുണ്ടെന്നറിയണമെങ്കിൽ ഇതൊരു തെളിവു മതി. അദ്ദേഹം എറണാകുളത്തു ജനറൽ ആസ്പത്രിയിൽ ചേർത്തിരുന്ന രോഗിയെകണ്ടു എന്നു പറയുന്നു. ഇതു വാസ്തവമാണെങ്കിൽ ദിവാൻജിയുടെ അടുക്കൽനിന്നു് എഴുത്തു വന്നപ്പോൾ അദ്ദേഹം എന്തിനാണ് കുന്നംകുളത്തേയ്ക്കു പോയത്? ഞാൻ ഈ രോഗം ബാധിച്ചിട്ടുള്ളവരെ എറണാകുളത്തുവച്ചു ചികിത്സിച്ചിട്ടുണ്ടെന്നും, രോഗകാരണം എനിയ്ക്കു മനസ്സിലായിട്ടുണ്ടെന്നും, ഈ രോഗികളെ രക്ഷിപ്പാൻ സാധിയ്ക്കുന്നതല്ലെന്നും ദിവാൻജിയെ അറിയിക്കുമായിരുന്നുവല്ലൊ. അതു ചെയ്യാതെ കുന്നംകുളത്തുപോയി; മരിക്കാറായ ഒരു രോഗിയെകണ്ടു; രോഗകാരണം മനസ്സിലായി; എന്നും മറ്റും പ്രസ്താവിച്ചതിൽ എത്രമാത്രം സത്യമുണ്ടെന്നു കേൾവിക്കാർ വിധിക്കട്ടെ. രോഗകാരണം ഇദ്ദേഹത്തിനു മനസ്സിലായത് എറണാകുളത്തു വന്ന രോഗികളെ പരിശോധിച്ചിട്ടാണോ; കുന്നംകുളത്തുപോയി മരിക്കാറായ രോഗിയെ പരിശോധിച്ചിട്ടാണോ? എറണാകുളത്തു് വച്ചായിരുന്നെങ്കിൽ കുന്നംകുളത്തു പോയതു് വൃഥായാത്ര ചിലവു വാങ്ങിക്കുവാനായിരുന്നുവോ? ഡാക്ടർ കമ്മത്തു് ഈ രോഗികളെ പരിശോധിച്ചു എന്നു ഞാൻ പറയുകയുണ്ടായി. അദ്ദേഹത്തിനു് രോഗകാരണം മനസ്സിലാകാഞ്ഞതിനാലായിരുന്ന രോഗികളെ എറണാകുളത്തു" അയയ്ക്കുന്നതിനു് അദ്ദേഹം ഉപദേശിച്ചതു്. ഡാക്ടർ കമ്മത്തു് സമർത്ഥനായ ഒരു ഡാക്ടരാണെന്നു് അദ്ദേഹത്തെ അറിയുന്നവർക്കും, അദ്ദേഹത്തിന്റെ കീഴി

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള ആസ്പത്രിയിൽ പോകുന്നവർക്കും മനസ്സിലാകുന്നതാണ്. അ ദ്ദേഹം ഇരിക്കുന്ന ആസ്പത്രിയിൽ രോഗികളുടെ സംഖ്യ മുമ്പുള്ളതി നേക്കാൾ വർദ്ധിച്ചുവരുന്നതും, സ്ഥലത്തുള്ള മറ്റു ചില ഡാക്ടർമാ രുടെ ആസ്പത്രികളിൽ രോഗികളുടെ സംഖ്യ അദ്ദേഹം വരുന്നതോ ടുകൂടി കുറയുന്നതും കാണാം. അതിനുള്ള കാരണം ഡാക്ടർ കമ്മ ത്തിന്റെ കൈപുണ്യവും, അദ്ദേഹത്തിന്റെ ചികിത്സയിൽ ആള കൾക്കുള്ള പൂർണ്ണവിശ്വാസവും ആകുന്നു. അദ്ദേഹത്തിനു് ഈ രോഗ ത്തിന്റെ കാരണമറിയുന്നതിനു സാധിച്ചില്ല. ഇപ്പോഴത്തെ ചീ ഫ്മെഡിക്കൽ ആഫീസർക്കു മുമ്പുണ്ടായിരുന്ന ചീഫ് മെഡിക്കൽ ആഫീസർ രണ്ടുമൂന്നു രോഗികളെ പരിശോധിച്ചിട്ടും കണ്ടുപിടി യ്ക്കാൻ കഴിഞ്ഞിട്ടില്ലാത്ത സുഖക്കേടു് ഇന്നത്തെ ചീഫ്മെഡിക്കൽ ആഫീസർ മരിക്കാറായ ഒരു രോഗിയെ കണ്ടുടനെ സുഖക്കേടും അതിനുള്ള കാരണവും ഇന്നതാണെന്നു മനസ്സിലാക്കി. ഇട്ടീ ഷാൽ തിരുപ്പൂരിനടുത്തുള്ള ഒരു ഡാക്ടരും, ചാവക്കാട്ടു ഡാക്ടർ ഇട്ടിയും, കുന്നങ്കുളത്തെ ഡാക്ടർ ചാക്കുണ്ണിയും എന്നുവേണ്ട മറ്റു പലേ ഡാക്ടർമാരും പരിശോധിച്ചിട്ടു് സുഖക്കേടിന്റെ കാരണം അറിയുവാൻ സാധിച്ചിട്ടില്ലെന്നു ഞാൻ പറഞ്ഞുവല്ലൊ എങ്കിലും രോഗത്തിന്റെ കാരണം അറിഞ്ഞു ചികിത്സിക്കുന്നതിനു അവർ ഉത്സാഹിച്ചു. അതിനാലായിരുന്നു പ്രൈവറ്റു പ്രാക്ടീഷണരായ ഡാക്ടർ ചാക്കുണ്ണി എന്നിവർ ഒരു കുത്തയയ്ക്കുകയും, ഞാൻ അതി നെ ചീഫ്മെഡിക്കലാഫീസർക്കു് അയച്ചുകൊടുക്കുകയും ചെയ്തതു്. എന്നാൽ നമ്മുടെ ചീഫ്മെഡിക്കൽ ആഫീസർ രോഗിയെ കണ്ടു ഉടനെ രോഗം കണ്ടുപിടിച്ചുണ്ടായതാണെന്നു് അവിതർക്കിത മായി സ്ഥാപിച്ചു. ഇതിനും അതിസമർത്ഥനായ നമ്മുടെ ഇന്നത്തെ ചീഫ്മെഡിക്കൽ ആഫീസരുടെ അനന്തരസാധാരണമായ ചി കിത്സാ സാമർത്ഥ്യം അദ്ദേഹത്തിനു മാത്രമെ അറിയാൻ സാധി ച്ചിട്ടുള്ളുവെന്നുള്ളതാണു് പരമസങ്കടം!

കുന്നങ്കുളത്തിനും് വേലക്കാർ ഉപജീവനമാർഗ്ഗം തേടി കോയമ്പത്തൂർ, മദ്രാസ്സു്, തുടങ്ങിയുള്ള മുതലായ പല സ്ഥലങ്ങ ളിലേക്കും പോകുന്നുണ്ടു്. അവക്കൊന്നും ഈ തരത്തിൽ ഒരു സു ഖക്കേടും പിടിപെട്ടതായി കാണുന്നില്ല. എന്നാൽ തിരുപ്പൂരിൽ പോകുന്ന ആളുകൾക്കു മാത്രം ഈ രോഗം ബാധിക്കുന്നതു് എന്തു കൊണ്ടാണെന്നു് എനിയ്ക്കു മനസ്സിലാകുന്നില്ല. തിരുപ്പൂർ പോ കുന്നവർ മാത്രമല്ല കള്ളും ചാരായവും കുടിക്കുന്നതു്. മറ്റു സ്ഥല ങ്ങളിൽ പോകുന്നവരും കള്ളും ചാരായവും കുടിക്കുമെന്നറിയാമ ല്ലൊ. എന്നാൽ അവക്കൊന്നും ഈ രോഗം ബാധിക്കാതെ തിരു പ്പൂർ പോകുന്നവർക്കുമാത്രം ഉണ്ടാകുന്നതിനുള്ള കാരണം ചീഫ് മെഡിക്കൽ ആഫീസർ പറഞ്ഞതിൽനിന്നും സാധാരണ മനുഷ്യ ർക്കു മനസ്സിലാകുവാൻ സാധിക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ അദ്ദേഹം പറഞ്ഞതു് മരിക്കുവാനുള്ള ആളുകളെ ജീവിപ്പിയ്ക്കുവാൻ സാധിക്കുമോ എന്നുള്ളതാണു്. മനുഷ്യനായി ജനിച്ചാൽ എന്നും ജീവിച്ചിരിയ്ക്കുവാനുള്ളവനല്ല; എല്ലാവരും മരിക്കുവാനുള്ളവർതന്നെയാണു് എന്നുള്ളതു് ചീഫ് മെഡിക്കൽ ആഫീസർ പറയാതെ തന്നെ എല്ലാവർക്കും അറിയാവുന്നതാണു്. അതിനാൽ ഈ വാസ്തവം അദ്ദേഹം ലോകർക്കു് ആദ്യമായി അറിയിച്ചുകൊടുക്കയല്ലെന്നു് അദ്ദേഹം അറിഞ്ഞാൽകൊള്ളാം.

ഈ രോഗം ബാധിച്ചു മടങ്ങിവന്നവർ പത്തുനൂറു പേരോളം മരിച്ചുപോകയാണു ചെയ്തിട്ടുള്ളതു്. അതിനാൽ ഇനിയെങ്കിലും ചീഫ് മെഡിക്കൽ ആഫീസർക്കു കരുണയുണ്ടായി ഈ രോഗത്തിന്റെ കാരണവും അതിനുള്ള നിവാരണമാർഗ്ഗവും ഏതുവിധമെങ്കിലും വാസ്തവമായി കണ്ടുപിടിച്ചു് ഈ സാധുജനങ്ങളെ രക്ഷിയ്ക്കണമെന്നു് ഏറ്റവും വണക്കമായി അപേക്ഷിച്ചുകൊള്ളുന്നു.

Motion was, with leave, withdrawn.

Motion No. 3.

Mr. K. T. Matheew.—*To reduce from the transfer of allotment of Rs. 1,800 from Medical to Sanitation by Re. 1.*

ഈ ഉപക്ഷേപം മെഡിക്കൽ വകുപ്പു സംബന്ധിച്ചു പറഞ്ഞിരിക്കുന്നതാണെങ്കിലും സാനിട്ടേഷനെ സംബന്ധിച്ചുള്ളതാണു്. ഇനിയും ഡാക്ടർമാരെപ്പറ്റി പറയുകയാണെങ്കിൽ അവരോടുള്ള ദ്വേഷ്യംകൊണ്ടായിരിയ്ക്കും പറയുന്നതെന്നു് സംശയിയ്ക്കാനിടയുണ്ടു്. ഏതായാലും കാര്യം പറയാതെ നിവൃത്തിയില്ലല്ലൊ. ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതിന്റെ കാരണം പഴഞ്ഞിയിലുള്ള സുറിയാനിപള്ളിയ്ക്കടുത്തു് ഞായറാഴ്ചതോറും മാത്രമുള്ള മീൻചന്ത അവിടെനിന്നു മാറ്റി തരണമെന്നപേക്ഷിക്കുവാനായിട്ടാണു്. പള്ളിയിൽ ഞായറാഴ്ചതോറുമാണു് പ്രധാനമായി ആരാധന നടത്തുന്നതു്. കൂടാതെ അന്നേദിവസം സൺഡെ സ്കൂൾ കൂടി നടത്തുന്നുണ്ടു്; മറ്റു യോഗങ്ങളുമുണ്ടു്. ഈ പള്ളിയ്ക്കടുത്തു് ഞായറാഴ്ച ദിവസം മാത്രം ഒരു മാർക്കറ്റു നടത്തുവാനായിട്ടു് ലൈസൻസു കൊടുത്തിട്ടുണ്ടെന്നറിയുന്നു. ലൈസൻസു കൊടുത്തിട്ടില്ലെങ്കിൽ അടുത്തുതന്നെ അതു കൊടുക്കുമെന്നറിയുന്നു. ഈ മീൻചന്തയും പള്ളിയുംകൂടി വളരെ അടുത്താണു്. ഞായറാഴ്ച പള്ളിയിൽ ആരാധന നടത്തുന്ന സമയത്തും, സൺഡെ സ്കൂൾ നടത്തുന്ന സമയത്തും അടുത്തു ഒരു മീൻചന്ത വയ്ക്കുവാൻ മതിയ്ക്കുന്നും അനുവദിക്കാൻ പാടില്ലാത്തതാണു്. ആരാധനസ്ഥലങ്ങൾക്കു സമീപമായി ഒരു മീൻചന്തയൊ കള്ളുഷാപ്പൊ വച്ചുകൊടുക്കുന്നതു് ഒട്ടുംതന്നെ നല്ലതല്ല. ബ്രിട്ടീഷ് ഇന്ത്യയിൽ ഹി

LIBRARY ARCHIVES Kerala Legislative Assembly

ന്തുക്കളും മുസ്ലീമിങ്ങളും തമ്മിൽ ആരാധന സ്ഥലത്തിനടുത്തുകൂടി ഘോഷയാത്ര കൊണ്ടുപോകുന്ന കാര്യത്തിൽ പല വഴക്കുകളും നടക്കുന്നുണ്ട്. അവർ ഇരുജാതിക്കാരാകയാൽ ഗവമ്മെണ്ടിനു് ഒരു കക്ഷിക്കാരെ അല്ലെങ്കിൽ മറെറാരു കക്ഷിക്കാരെ ഈ കാര്യത്തിൽ കുറേം പറയുവാനുണ്ടു്. എന്നാൽ ഇവിടെ ഇരുമതക്കാരില്ല. ഗവമ്മെണ്ടുതന്നെയാണു് ഒരു കക്ഷി. പള്ളിയിലെ പ്രധാന ആരാധന ദിവസത്തിൽ മാത്രം ഒരു ചന്ത നടത്തുന്നതിനു് ലൈസൻസു കൊടുത്തിരിക്കുന്നതിൽ എന്തോ ഔരവഴായി ചിന്തിക്കാനുണ്ടു്. ഈ പള്ളിയിലെ പ്രധാന ആരാധനദിവസം അതിനടുത്തു് ഒരു ചന്തനടത്തുവാൻ ഗവമ്മെണ്ടു് അനുവദിയ്ക്കുന്നതായാൽ പോലീസുകമ്മീഷണർക്കു് അതുമൂലം ബുദ്ധിമുട്ടും പ്രയാസവും ഉണ്ടാകയ്ക്കാം. അദ്ദേഹത്തിനു് ഈ കൌൺസിലിൽ സമാധാനമായി ഇരുന്ന ജോലിചെയ്യുവാൻ സാധിയ്ക്കുമൊ എന്നും സംശയിയ്ക്കുണ്ടായിരിയ്ക്കുന്നു. അതിനാൽ ഈ കാര്യത്തിൽ ചീഫ് മെഡിക്കലാഫീസർ പ്രത്യേകം ശ്രദ്ധിയ്ക്കണമെന്നു് ഞാൻ അദ്ദേഹത്തോടപേക്ഷിയ്ക്കുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ.—ഞാൻ ഈ പ്രമേയത്തെ അനുകൂലിയ്ക്കുന്നു. എങ്കിലും ഇക്കാര്യത്തിൽ ഗവമ്മെണ്ടിനെ കുറപ്പെടുത്താൻ പാടില്ലെന്നാണു് എന്റെ അഭിപ്രായം. ഈ രാജ്യത്തു പള്ളികളിലും അമ്പലങ്ങളിലും ഉത്സവം നടക്കുമ്പോൾ ചന്തകൂടി സാധാരണ നടത്തുകാണുന്നുണ്ടു്. അതു് ഗവമ്മെണ്ടു് ഉണ്ടാക്കുന്ന ഏർപ്പാടല്ല. ആരാധന സ്ഥലങ്ങളിൽ ചന്തകൂടുന്നതു ദോഷകരമാണെന്നും തോന്നുന്നില്ല. പ്രാർത്ഥിപ്പു കുറെ മുഷിയുമ്പോൾ കുറെ ചന്തകച്ചവടം നടത്തിയാൽ പിന്നീടു് പ്രാർത്ഥനക്കു വിഷമം വരികയില്ല. മുഴുവൻ പ്രാർത്ഥനതന്നെയായാൽ ജനങ്ങൾക്കു വിഷമമിച്ചുപോകയില്ലേ? അങ്ങിനെ വിഷമിച്ചാൽ അവർ പ്രാർത്ഥന വേണ്ടെന്നുവച്ചേക്കാൻ ഇടയുണ്ടു്. അങ്ങിനെയുള്ള അപകടം വരാതിരിക്കാൻ കരുതികൂട്ടി ബുദ്ധിമാന്മാർ ഏർപ്പെടുത്തിയ ഏർപ്പാടുകളാണു് ആരാധന സ്ഥലങ്ങളിലെ ചന്തകൂടൽ, കളികൂടൽ, കാഴ്ചകൂടൽ മുതലായ ഏർപ്പാടുകൾ.

Mr. K. M. Ibrahim.—On a point of information.

വേറെ വല്ല കൂട്ടരുടേയും പ്രത്യേകമായ വിശേഷദിവസങ്ങളിൽ ഇപ്രകാരം പൊതുസ്ഥാപനത്തിനടുത്തു് ചന്തനടക്കുന്നുണ്ടൊഎന്നറിഞ്ഞാൽ കൊള്ളാം.

Dr. D Raghavendra Rao.—Sir, as regards markets being held near places of worship, I think markets were being held in almost all places even from the time of Christ himself so much so, he had to drive away merchants and other people from the precincts of the Synagogues. This has been going on

LIBRARY ARCHIVES Kerala Legislative Assembly

everywhere. We know there is a fish market near the Mosque at Mala. As far as my knowledge goes there are fish markets and mutton and beef stalls very near churches. This objection has not been brought to my notice when I was in charge of the Department. There is a small market in Palanji. But the people of Palanji wanted a central market at Palanji. I went to the place, inspected the sites by the side of a canal which leads to Ponnani canal and I selected a site. That will be away from the church of the locality. I thought that a Government market may be started there. There were some improvements in the shape of cocoanut trees, arecanut palms and other trees being grown there and the acquisition charges for that plot came to a large sum which could not be budgetted for during the current year with the result that it could not be acquired this year. Government intends to have as far as possible Government markets in different localities both for the purpose of giving facilities to the ryots of the place and to have a centralised place where they can come and barter their goods and fetch better prices and at the same time Government will be in a position to get some substantial revenues from these. As the Government administration is getting more and more costly day by day due to several wants of the public it is necessary that fresh avenues of taxation be tapped. This is one of the methods by which a new source of revenue may be tapped without causing very much burden and harm to the public.

Mr. K. T Mathew.—On a point of order, Sir. I referred only to the Sunday market. The Hon'ble Member is not replying to my point.

President.—Yes; the Hon'ble Member for Kunnamkulam referred to the Sunday markets being held there.

Dr. D. Raghavendra Rao.—As far as Sunday markets are concerned I can only say that it must have been at the instance of the peoply that the market was started. The people of Palanji are mostly Christians and it must have been at their instance or on the petition of the people of the locality that Sunday market was allowed to be started by the Head of the Department.

Dr. A. R. Menon.—How old is that market?

മിസ്റ്റർ കെ. ടി. മാത്യു.— ഇതു വളരെ പഴക്കമുള്ളതല്ല. പുതിയതായ തുകൊണ്ടാണ് ഈ ഉപക്ഷേപം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്.

Dr. D. Raghavendra Rao.—I have no knowledge of the date of giving the license for the market. But if license is given it must have been at the request of the people who are mostly Christians. If they had any objection I do not think that they

LIBRARY ARCHIVES Kerala Legislative Assembly

would have ever applied for it. Now the request came and if it was not allowed, it would be considered as a grievance by the public. If there is any protest and if there is any objection to the people the matter will be considered.

Dr. A. G. Menon.—The market may be there. The objection is only for holding it on Sundays. So the day may be changed.

Dr. A. R. Menon.—Was there any complaint from the people of the locality to the Department that the market should be removed?

Dr. D. Raghavendra Rao.—Not that I am aware of.

Mr. A. Sankara Poduval.—Have any structures been put up or any buildings constructed?

Dr. D. Raghavendra Rao.—It has evidently just been contemplated by somebody.

മിസ്റ്റർ കെ. ടി മാത്യു.—സാർ, ഈഴവ നിയോജകമണ്ഡലത്തിലെ പ്രതിനിധി മിസ്റ്റർ അയ്യപ്പൻ ഇവിടെ എന്തെങ്കിലും വിഷയത്തെക്കുറിച്ചു സംസാരിയ്ക്കുമ്പോൾ അതു് ഞാൻ പ്രത്യേകം ശ്രദ്ധവച്ചു കേൾക്കാറുണ്ടു്. സാധാരണയായി ഞാനും അദ്ദേഹവും പലകാര്യങ്ങളിലും ഒത്തൊരുമിച്ചാണു് പ്രവർത്തിക്കാറുള്ളതു്. എന്നാൽ അദ്ദേഹം ഈ ഉപക്ഷേപത്തിലെ കാര്യം നല്ലവണ്ണം മനസ്സിലാക്കീട്ടാണോ സംസാരിച്ചതെന്നു് എനിയ്ക്കു സംശയമുണ്ടു്. ഞായറാഴ്ച ഒരു ദിവസം മാത്രമാണു് മുടങ്ങാതെ ആരാധനയും സൺഡെസ്കൂളും മറ്റും പ്രധാനമായി നടക്കുന്നതു്. അങ്ങനെയിരിയ്ക്കെ ആ ഞായറാഴ്ച ദിവസം പള്ളിയ്ക്കു് വളരെ അടുത്തായി ഒരു മാർക്കറ്റും നടത്തുന്നതിനു് ലൈസൻസു കൊടുത്തിരിയ്ക്കുന്നു. ഒരാഴ്ചയിൽ ഏഴു ദിവസം ഉള്ളതിൽ ഈ ഒരു ദിവസം മാത്രം അതായതു് ഞായറാഴ്ച മാത്രം ചന്ത നടത്തുവാൻ ലൈസൻസു കൊടുത്തിട്ടുള്ളതിന്റെ തത്വം എന്താണു്?

ഇവിടെ ചീഫ് മെഡിക്കൽ ആഫീസർ മറുപടി പറഞ്ഞതു് ജനങ്ങളുടെ ആവശ്യപ്രകാരമാണു് ഈ ലൈസൻസു കൊടുത്തിട്ടുള്ളതെന്നാണു്. അതു് വാസ്തവമാണോ എന്നു സംശയിക്കുന്നു. ജനങ്ങൾ ഒന്നാകെ ഹർജികൾ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിവിടെ കൊണ്ടുവന്നു വായിക്കാമായിരുന്നുവല്ലോ. അതു് ചെയ്യാഞ്ഞതു് എന്തുകൊണ്ടാണു്?

ഈ ചന്തയിൽനിന്നും കിട്ടുന്ന ലാഭം ഒരാൾക്കുമാത്രമാണു്. കരാർക്കാണു് ഈ ലൈസൻസും കൊടുത്തിരിക്കുന്നതെന്നറിയുന്നു. ഒരാൾക്കുമാത്രം ലാഭം കിട്ടുവാൻ വേണ്ടിയാണു് ചീഫ് മെഡിക്കൽ ആഫീസർ ഇങ്ങനെ ലൈസൻസു കൊടുത്തിട്ടുള്ളതെങ്കിൽ അതിനടിയ്ക്കു് എന്തോ രഹസ്യമുണ്ടെന്നു സംശയിക്കേണ്ടിയിരിയ്ക്കുന്നു.

ഈ മാർക്കറ്റു മാറ്റികിട്ടുന്നതിനായി അവിടെയുള്ള പലരും ഗവർമ്മെണ്ടിലേയ്ക്കു് സങ്കട ഹർജികൾ അയച്ചിട്ടുണ്ടു്. അതു

LIBRARY ARCHIVES Kerala Legislative Assembly

നാൽ പള്ളിക്കുറുത്തുനിന്നും മാക്കറു നീക്കികിട്ടുത്തക്കവണ്ണം എ ന്തെങ്കിലും പ്രവൃത്തിയ്ക്കണമെന്നപേക്ഷിയ്ക്കുന്നു. ചീഫ് മെഡി ക്കൽ ആഫീസറാണ് ഈ ലൈസൻസു കൊടുത്തിട്ടുള്ളതെന്നറി യുന്നു. അദ്ദേഹത്തിന്റെ കല്പനയെ റദ്ദ്ചെയ്യുന്നതിനായി ഒരു കല്പന അയക്കുന്നതിനു് പുതിയതായി നിയമിച്ചിരിക്കുന്ന സാനി ട്ടറി വകുപ്പധ്യക്ഷനു് കുറച്ചു പ്രയാസമുണ്ടായിരിയ്ക്കും. അദ്ദേഹം സ്ഥലത്തു ചെന്നു പരിശോധിച്ചശേഷം പള്ളിയിൽനിന്നു കുറച്ചു കൂടി മാറി ചന്ത നടത്തണമെന്നു് ആവശ്യപ്പെട്ടിട്ടുള്ളതായി അറിയുന്നു. ചീഫ് മെഡിക്കൽ ആഫീസരുടെ കല്പനയെ അങ്ങനെ തള്ളിക്കളഞ്ഞുവെന്നു വരാതിരിപ്പാനായിട്ടായിരിക്കണം അദ്ദേ ഹം പള്ളിയിൽനിന്നു മാക്കറു് കുറച്ചുകൂടി മാറണമെന്നുമാത്രം കല്പന അയച്ചതു്. അതിനാൽ ദിവാൻജി അവർകൾ തന്നെ ആ സ്ഥലത്തുവന്നു നോക്കി ഈ മാക്കറു് അവിടെനിന്നു നീക്കംചെ യ്തക്കവണ്ണം ഉത്തരവിടണമെന്നാണ് എനിയ്ക്കു പറയുവാനു ള്ളതു്.

Motion was, with leave, withdrawn.

Demand put and carried.

2. 23.—Sanitation and Conservancy—Rs. 78—11—0.

Dr. D. Raghavendra Rao.—Sir, I rise to move that a transfer of Rs. 78—11—0 from 3—Village Panchayats to 23—Sanitation and Conservancy. I request that the House may be pleased to sanction the request.

Motion No. 1.

Mr. P. Kumaran Ezhuthassan.—*To reduce the allotment of Rs. 78—11—0 for remuneration for destruction of rabid dogs by Re. 1.*

സർ, സ്റ്റാൻഡിംഗ് ഫൈനാൻസ് കമ്മിറ്റിയിൽനിന്നും അയച്ച നോട്സിൽ കാണുന്നതു് ഏതാണ്ടു ചില സ്ഥലങ്ങളിൽ ഡയറക്ടർ ആഫ് പബ്ലിക്ക് ഹെൽത്ത് മുഖാന്തിരം മുനിസിപ്പാൽ റഗുലേഷൻ ഫർ വ-ാംവകുപ്പു നടപ്പാക്കുവാൻ പോകുന്നുവെ ന്നാണ്. ദിവാൻജി അവർകൾ ചിങ്ങത്തിലെ ഗസറ്റിൽ മുനിസിപ്പാൽ റഗുലേഷനിലെ ഫർ വ-ാംവകുപ്പ് ഇന്നയിന്ന സ്ഥലങ്ങളിൽ നടപ്പാക്കുവാൻ പോകുന്നുവെന്നും പരസ്യം ചെയ്തി ട്ടുണ്ടു്. ഈ ഫർ വ-ാംവകുപ്പ് പട്ടികളെ തല്ലിക്കൊല്ലുക മുതലാ യവയ്ക്കു് വേണ്ടിയുള്ളതാണു്. അതു് ഇതുവരെ പഞ്ചായത്തു ഭാ രവാഹികൾ നടത്തിവരികയായിരുന്നുവെന്നാണു് തോന്നുന്നതു്. ഇതു് ഇപ്പോൾ ഹെൽത്ത് ആഫീസർ ചെയ്യണമെന്നു് ഈ നോ ട്സിൽനിന്നു കാണുന്നു.. ഞാൻ ഈ സഭയുടെ മുമ്പാകെ അവ രപ്പെടുന്നതു് അതാതു സ്ഥലങ്ങളിൽചെന്നു് പട്ടികളെ പിടിച്ചു തല്ലിക്കൊല്ലുവാൻ മാത്രമായി മുനിസിപ്പാൽ റഗുലേഷനിലെ ഒരു വകുപ്പു് നടപ്പിൽ വരുത്തിയാൽ പോരാ; വേറെയും ചില

LIBRARY ARCHIVES Kerala Legislative Assembly